# മിന്നാമിന്നി

2024 ജൂലൈ ലക്കം

സ്കൂൾ മാഗസിൻ



**ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെൻറ് ഹൈസ്കൂൾ ശാന്തിഗ്രാം**



ഉഷ കെ എസ്
(എച്ച്. എം ഇൻ ചാർജ്ജ്)

നമ്മുടെ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുവാനും അവയെ വളർത്തുവാനും ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെൻറ് ഹൈസ്കൂൾ ശാന്തിഗ്രാം അവസരമൊരുക്കുന്നു. എൽ.കെ.ജി മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി ആകർഷകമായ ഒരു ഡിജിറ്റൽ മാഗസിൻ എല്ലാ മാസവും പുറത്തിറക്കുവാൻ തീരുമാനിച്ച കാര്യം എനിക്ക് വളരെയധികം അഭിമാനവും സന്തോഷവും നൽകുന്നു. നിങ്ങളുടെ സമർപ്പണവും ചാതുര്യവും ആശയങ്ങളുടെ അവതരണങ്ങളും ഈ മാഗസിൻ്റെ പേജുകളെ സമ്പുഷ്ടമാക്കണം. നിങ്ങളുടെ ലേഖനങ്ങളിലൂടെയും കലാസൃഷ്ടികളിലൂടെയും കഥകളിലൂടെയും പ്രചോദനത്തിൻ്റെ ഒരു ക്യാൻവാസ് വരക്കണം.

മാറിനിൽക്കുന്നവർക്കല്ല മുന്നിലോടുന്നവർക്കാണ് ഈ ലോകത്ത് അവസരം. ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ ജിജ്ഞാസ, സ്ഥിരോത്സാഹം, പഠനത്തോടുള്ള അഭിനിവേശം എന്നിവയുടെ തെളിവായി നിലകൊള്ളണം. നിങ്ങളുടെ ഇത്തരം ശ്രമങ്ങൾ മനസ്സിനെ പ്രബുദ്ധമാക്കുക മാത്രമല്ല, നമ്മുടെ സ്കൂളിനുള്ളിൽ ഒരു കൂട്ടായ്മയുടെയും സഹോദര്യത്തിന്റെയും ബോധം വളർത്തുകയും ചെയ്യണം. അധ്യാപിക എന്ന നിലയിൽ, നിങ്ങളുടെ വളർച്ചയുടേയും സർഗ്ഗാത്മകതയുടേയും സാക്ഷ്യം വഹിക്കാനുള്ള അവസരം ഭാഗ്യമായി കരുതുന്നു. ജീവിതയാത്രയിലെ കൂടുതൽ നാഴികക്കല്ലുകളിൽ ആദ്യത്തേതാകട്ടെ ഇതെന്ന്. ആശംസിക്കുന്നു

യുവ എഡിറ്റർമാർക്കും എഴുത്തുകാർക്കും ഡിസൈനർമാർക്കും സൃഷ്ടികൾ സംഭാവന ചെയ്യുന്നവർക്കും - നിങ്ങളുടെ അതിരുകളില്ലാത്ത ഉത്സാഹവും അചഞ്ചലമായ പ്രതിബദ്ധതയും നിങ്ങളുടെ സമപ്രായക്കാർക്കും വരും തലമുറകൾക്കും ഉജ്ജ്വലമായ മാതൃകയാണ്. വലിയ സ്വപ്നങ്ങൾ കാണുന്നത് തുടരുക, നിർഭയമായി ഇടപെടുകൾ നടത്തുക. അറിവിൻ്റെ മേഖലകളിലുടനീളം നിങ്ങളുടെ ശബ്ദങ്ങൾ പ്രതിധ്വനിക്കാൻ അനുവദിക്കുക.ഈ ശ്രദ്ധേയമായ നേട്ടത്തിന് ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ. നിങ്ങളുടെ ഡിജിറ്റൽ മാസിക ഒരു പ്രസിദ്ധീകരണം മാത്രമല്ല; നിങ്ങളോരോരുത്തരുടെയും ഉള്ളിൽ വസിക്കുന്ന അതിരുകളില്ലാത്ത കഴിവുകളുടെ തെളിവാണിത്. തുടർച്ചയായ വിജയവും അതിരുകളില്ലാത്ത സർഗ്ഗാത്മകതയും നിറഞ്ഞ ഒരു ഭാവി ഇതാ നിങ്ങളുടെ മുൻപിൽ തുറന്നിരിക്കുന്നു
ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും
ഹൃദയത്തിന്റെ ഭാഷയിൽ ആശംസകൾ നന്മകൾ അനുഗ്രഹങ്ങൾ.....



# വിശ്വസാഹോദര്യം

ദേവിക എസ് നായർ 9 ഡി

ആധുനികലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് മാനവിക മൂല്യങ്ങളുടെ അപചയം. യുദ്ധങ്ങൾ, തീവ്രവാദം, വംശീയ വിവേചനം, അസമത്വം തുടങ്ങിയ പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തെ വിഭജിക്കുന്ന ഈ കാലഘട്ടത്തിൽ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും വിലയെക്കുറിച്ചുള്ള ബോധം വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്. മാതംഗയിലൂടെയും ബുദ്ധഭിക്ഷുവിലൂടെയും എല്ലാത്തരം വേർതിരിവുകളും മുകളിലായി പ്രവർത്തിക്കേണ്ട സാമൂഹ്യരീതി എന്ന ആശയമാണ് സുകൃതഹാരങ്ങൾ എന്ന കവിതയിലൂടെ കുമാരനാശാൻ മുന്നോട്ടുവയ്ക്കുന്നത്. മക്കൾപോലും നോക്കാതെ ഒറ്റപ്പെട്ടുപോയ വാർദ്ധക്യത്തിൽ ഒരിറ്റു സ്നേഹത്തിനും കാരുണ്യത്തിനും പരിഗണനയ്ക്കും വേണ്ടി കൊതിക്കുന്ന ഒരു അമ്മയുടെ ജീവിത അവസ്ഥയാണ് മാധവിക്കുട്ടി അമ്മ എന്ന കഥയിലൂടെ പറയുന്നത്. ബഷീറിന്റെ പാത്തുമ്മയുടെ ആടിലാകട്ടെ നാം കാണുന്നത് മനുഷ്യനും ജീവജാലങ്ങളും എല്ലാം ഉൾപ്പെടുന്നതും ബന്ധപ്പെടുന്നതും ആയ ഒരു ലോക ദേശാതിർത്തികളും രാജ്യങ്ങളും ഇല്ലാത്ത ഭൂമി എന്ന ഏക കുടുംബ സങ്കല്പത്തിന്റെ ഹൃദയമായ ചിത്രമാണ്

എൻ വി കൃഷ്ണവാര്യരുടെ 'ആഫ്രിക്ക' എന്ന കവിത ആഫ്രിക്കൻ ജനത അനുഭവിക്കുന്ന ദുരിതങ്ങളുടെയും അടിച്ചമർത്തലിന്റെയും നേർക്കാഴ്ചയാണ് നമുക്ക് നൽകുന്നത്. അടിമത്വത്തിന്റെയും ഭരണ വിവേചനത്തിന്റെയും ചങ്ങലകളിൽ വലയുന്ന മനുഷ്യരുടെ വേദന നമ്മുടെ മനസ്സാക്ഷിയെ ഉണർത്തുന്നു.

ഈ കൃതികളും എൻ വി കൃഷ്ണവാര്യരുടെ 'ആഫ്രിക്ക' എന്ന കവിതയും വിരൽ ചൂണ്ടുന്നത് നിരുപാധിക സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കഥയിലേക്കാണ്.

ഇന്ന് നാം ജീവിക്കുന്നത് അസഹിഷ്ണുതയും വിദ്വേഷവും വർദ്ധിച്ചുവരുന്ന ഒരു ലോകത്താണ്. ഈ സാഹചര്യത്തിൽ വിശ്വസാഹോദര്യത്തിന്റെ സന്ദേശം പ്രസക്തമാകുന്നു.സാംസ്കാരം, ജീവിതരീതി, വിശ്വാസം എന്നിങ്ങനെയുള്ള വൈവിധ്യങ്ങളാൽ സംബന്ധമാണ് ലോകം. ഈ വൈവിധ്യങ്ങളെ അംഗീകരിക്കുകയും അവയിൽ നിന്ന് പഠിക്കുകയും ചെയ്യുക എന്നതാണ് വിശ്വ സാഹോദര്യത്തിന്റെ പ്രധാന ഘടകം.

സാഹോദര്യം എന്നത് ഒരു മനോഭാവമാണ്, ഒരു ജീവിത രീതിയാണ്. നാം ഓരോരുത്തരും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തികളിലും സാഹോദര്യം പുലർത്തുമ്പോൾ ഒരു മെച്ചപ്പെട്ട ലോകം സൃഷ്ടിക്കാൻ നമുക്ക് കഴിയും. ബഷീറും കൃഷ്ണവാര്യരും മാധവിക്കുട്ടിയും കുമാരനാശാനും എല്ലാം നമുക്ക് നൽകുന്ന സന്ദേശം ഇതാണ്.



റിച്ചു മോൾ റോയ് 9 ഡി

# മഴ



മാനം കറുത്തിരുണ്ടു
മാരുതൻ വീശിയടിച്ചു
നക്ഷത്രശോഭ ഓടിമറഞ്ഞു
മേഘം പെരുമ്പറകൊട്ടി
മിന്നൽപിണർ പ്രകമ്പനം കൊണ്ടു
ആകാശപാളികളിൽ നിന്ന് കണ്ണുനീർ
തുള്ളികൾ പൊഴിഞ്ഞുവീണു
മഴ മഴ മഴ മഴ മഴ പെയ്തു



അദ്വൈത ലക്ഷ്മി ഷിനോജ്
5C

# മരങ്ങൾ



ഒരിടത്ത് ഒരിടത്ത് ഒരു ആഞ്ഞിലി മരം ഉണ്ടായിരുന്നു. അതിൽ നിറയെ കായകൾ ഉണ്ടായിരുന്നു. ആഞ്ഞിലിയിൽ ഒരു പക്ഷി പോലും വരികയോ കൊമ്പിൽ ഒന്ന് ഇരിക്കുകയോ ചെയ്തില്ല. ഒരിക്കൽ അതിൻ്റെ കായ മുഴുവൻ പഴുത്തപ്പോൾ ആ മരം നിൽക്കുന്നതിന്റെ അടുത്തുള്ള വീട്ടിലെ ഒരു കുട്ടി വന്ന് ഒരു പഴം പറിച്ചു ആ കുട്ടിക്ക് അതൊരു ചക്കയായിട്ടാണ് തോന്നിയത്. അവൻ അത് അമ്മയെ കാണിച്ചു കൊടുത്തു അമ്മ അവനത് ആഞ്ഞിലി ചക്കയാണെന്ന് പറഞ്ഞു കൊടുത്തു അന്നുമുതൽ അവൻ അത് എന്നും ഓരോന്ന് കഴിക്കാൻ തുടങ്ങി ആ കായ ഉണ്ടാകുന്ന സീസണിലാണ് അവനത് കഴിച്ചത് പക്ഷേ ആ സീസൺ കഴിഞ്ഞും അവൻ അത് കഴിക്കാൻ ആഗ്രഹം തോന്നി. ഒരു ദിവസം രാത്രി അവൻ ആ മരത്തെയും ചക്കയും സ്വപ്നം കണ്ടു അടുത്ത ദിവസം അവന്റെ അച്ഛൻ ആ സ്ഥലം വിറ്റു അടുത്ത ദിവസം തന്നെ ആ സ്ഥലത്തുണ്ടായിരുന്ന മുഴുവൻ മരങ്ങളും വെട്ടി പക്ഷേ ആഞ്ഞിലി മരവും പ്ലാവും മാത്രം വെട്ടിയില്ല അവനത് വളരെ സന്തോഷമായി. പ്രകൃതിയെ സംരക്ഷിക്കുക എന്നുള്ളത് എല്ലാ മനുഷ്യരുടെയും ആവശ്യമാണെന്ന് അവൻ തിരിച്ചറിഞ്ഞു.



ക്രിസ്റ്റീന ജിൻസ് 5 എ

# മഴവില്ല്

ഏഴു നിറത്തിൽ മഴവില്ല്
എന്തു രസമാ മഴവില്ല്
വളഞ്ഞു നിൽക്കണ മഴവില്ല്
ആരുനിനക്കീ പേരിട്ടു
ആരുനിനക്കീ നിലനൽകീ
ഇങ്ങോട്ടൊന്ന് വരാമോ
എന്നോടൊപ്പം കളിക്കാമോ
മഴ കഴിയുമ്പോൾ പുഞ്ചിരി തൂകി നിൽക്കുമ്പോൾ
എൻ്റെ മനസ്സും നിറയുന്നു
നീയിന്ന് മായുമ്പോൾ
എൻ്റെ ഉള്ളം തേങ്ങുന്നു
എന്നോട് പിണങ്ങിയോ
എന്തു നല്ല മഴവില്ല്
കണ്ടുനിന്നു ഞാനിന്ന്
എനിക്ക് ഏറ്റവും ഇഷ്ടം മഴവില്ല്



അഖില എ.എം എ 9 ഡി

# വാഴാലിക്കാവ്

ഞാനും എന്റെ അച്ഛനും അമ്മയും ചേട്ടനും കഴിഞ്ഞദിവസം തൃശ്ശൂരിലേക്ക് യാത്ര പോയി. അവിടെ കുറെ മനോഹരമായ കാഴ്ചകൾ ഉണ്ടായിരുന്നു. പ്രകൃതി സൗന്ദര്യവും ചരിത്ര ശേഷിപ്പുകളും ചേർന്ന മനോഹര വിനോദസഞ്ചാര ഇടമാണ് ചെപ്പാറ. തൃശ്ശൂരിൽ നിന്ന് 16 കിലോ മീറ്റർ അകലെ വടക്കാഞ്ചേരിക്കടുത്ത് തെക്കുംകര പഞ്ചായത്തിലാണ് സ്ഥലം.

പാറകളാൽ ചുറ്റപ്പെട്ട ചെറിയ തടാകം, പാറകളിൽ നിന്നു നോക്കിയാൽ ദൂരക്കാഴ്ച, മുനിയറ എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. ഇവിടെ നിന്നു നോക്കിയാൽ വടക്കാഞ്ചേരി, തൃശ്ശൂർ ടൗൺ വരെ കാണാം. മുകളിലേക്കു കയറാനുള്ള കൈപ്പിടി,തണലിടങ്ങളിൽ ഒരുക്കിയ ഇരിപ്പിടങ്ങൾ, മുനിയറയെ സംരക്ഷിച്ചുള്ള വലയം, വൈദ്യുത വിളക്കുകൾ, ഭിന്ന സൗഹൃദ ശുചി മുറി എന്നിവ ഇക്കോ ടൂറിസം വില്ലേജ് പദ്ധതിയുടെ ഭാഗമായി ഈയിടെ ഒരുക്കി.

മലയാൺമയുടെ നിറക്കാഴ്ചയാണ് വാഴാലിക്കാവ്. തൃശ്ശൂരിൽ നിന്ന് ചേലക്കര റൂട്ടിൽ 28 കിലോമീറ്റർ പോയാൽ കിള്ളിമംഗലം ഉദുവടി. ഇവിടെ നിന്ന് ഇടത്തോട്ട് 5 കിലോമീറ്റർ സഞ്ചരിച്ചാൽ പൈങ്കുളം അയപ്പൻ എഴുത്തച്ഛൻപടി സെന്ററിലെത്തും. അവിടെ നിന്ന് രണ്ടര കിലോമീറ്റർ ചീരക്കുഴി കനാൽ റോഡിലൂടെ പോയാൽ വാഴാലിക്കാവിലെത്താം.

പച്ചവിരിച്ച നെൽപ്പാടവും കുത്തുമാടവും ആൽമരവും കേരളീയത തുളുമ്പുന്ന കാഴ്ചയാണ്. ഗ്രാമീണച്ചേലിന് അതിരിട്ട് വേനലിലും നിറഞ്ഞു കിടക്കുന്ന ഭാരതപ്പുഴയുടെ അപൂർവ കാഴ്ച കാണാം. 400 വർഷം പഴക്കമുള്ള കുത്തുമാടവും പ്രകൃതി ഭംഗിയും അഭ്രപാളിയിലേക്കു പകർത്താൻ പ്രേംനസീറിന്റെ കാലം മുതൽ ചലച്ചിത്ര പ്രവർത്തകർ എത്താറുണ്ട്. ഒരു തവണയെങ്കിലും കാണണം മലയാൺമയുടെ ഈ നിറകാഴ്ച .ഈ കാഴ്ചകൾ എല്ലാം കണ്ട് ഞങ്ങൾ വീട്ടിലേക്ക് യാത്രയായി.



ആര്യ ഹബീബ 3എ

# എൽ.കെ. ജി ഓർമ്മകൾ

എൻ്റെ എൽകെജി ക്ലാസിലെ ഓർമ്മകളാണ് ഞാൻ എഴുതുന്നത്.
ഞാൻ അങ്കണവാടിയിൽ പോകാൻ തുടങ്ങി കുറെ ദിവസം
കഴിഞ്ഞപ്പോൾ കൊറോണ വന്നു. അതോടെ സ്കൂളിൽ പോക്ക് മുടങ്ങി.
അന്ന് കോട്ടയം വീട്ടിൽ കുഞ്ഞുങ്ങളായി വേറെ ആരുമില്ല. എല്ലാവരും
വലിയവരാണ്. അതുകൊണ്ട് കുറച്ചുനേരം കളിക്കാമല്ലോ എന്ന്
ഓർത്താണ് അങ്കണവാടിയിൽ പോകുന്നത്.
ആദ്യത്തെ ദിവസം ഒക്കെ നല്ല രസമായിരുന്നു.

വീട്ടിൽ നിന്നും കുറെ നടന്നുവേണം അംഗണവാടിയിലെത്താൻ. ആ
നടപ്പ് നല്ല രസമായിരുന്നു. അംഗണവാടിയിൽ എത്തിയാൽ കുറേ
കുട്ടികളും ടീച്ചർമാരും ഉണ്ട്. എന്തൊരു രസമായിരുന്നു. പക്ഷേ
കൊറോണ വന്നതോടുകൂടി ആ പോക്കും നിന്നു.
എഴുതാനും വായിക്കാനും ഒക്കെ തുടങ്ങിയ സമയമായിരുന്നു. എല്ലാം
നിലച്ചു.

ഇപ്പോൾ ഞങ്ങളെ കൊറോണ കുട്ടികൾ എന്നാണ് പലരും വിളിക്കുക.



ആൻമേരി ഷിനു 1 ബി

# പൂവുകൾ



കൊച്ചു കൊച്ചു പൂക്കൾ
പീലി നിവർത്തി നിൽക്കും
കൊച്ചു കൊച്ചു പുഞ്ചിരിയാൽ
പീലി നിവർത്തി നിൽക്കും
മഞ്ഞനിറത്തിൽ
പീലി നിവർത്തി നിൽക്കും
അതിലൊരു പൂവ്
സൂര്യകാന്തി പൂവ്

കൊച്ചു കൊച്ചു പൂക്കൾ
പീലി നിവർത്തി നിൽക്കും
കൊച്ചു കൊച്ചു പുഞ്ചിരിയാൽ
ചുമന്ന നിറത്തിൽ
പീലി നിവർത്തി നിൽക്കും
അതിൽ ഒരു പൂവ്
റോസാപ്പൂവ്



ആർദ്രമോൾ അനിൽകുമാർ
8ബി

# ഇനിയും മരിക്കാത്ത ഭൂമി

എന്താണ് ഭൂമി ? നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഭൂമി എന്നാൽ വെറുമൊരു ഗ്രഹം മാത്രമല്ല. നമ്മൾ ജീവിച്ചിരിക്കുന്നതിന്ന് ഒരേ ഒരു കാരണം ഭൂമിയാണ്. ഭൂമിയെ കുറിച്ച് ധാരാളം കവികൾ കവിതകൾ രചിച്ചിട്ടുണ്ട്. അതിൽ ഏറെ പ്രചാരത്തിലുള്ള ഒരു കവിതയാണ് ഒ.എൻ.വിയുടെ ഭൂമിക്കൊരു ചരമഗീതം. മരിച്ചു കൊണ്ടിരിക്കുന്ന ഭൂമിയുടെ അരികിൽ നിന്ന് വിലപിക്കുന്ന ഒരു കവിയുടെ വിലാപഗീതമാണിത്. ഈ കവിത പറയുന്നത് മരിച്ചു കൊണ്ടിരിക്കുന്ന ഭൂമിക്ക് സംരക്ഷണം നൽകേണ്ടത് നമ്മൾ മനുഷ്യരാണ് എന്നാണ്.മറ്റ് പക്ഷി മൃഗാതികൾ വിശപ്പ് അടക്കാൻ വേണ്ടി ജീവിക്കുന്നവരാണ് പക്ഷേ മനുഷ്യർക്ക് എല്ലാം വെട്ടിപ്പിടിക്കണം എന്ന ചിന്തമാത്രം. ഭൂമിക്ക് പനി എന്നൊരു കൃതിയുണ്ട് ഇന്ന് ഭൂമിക്ക്   പനി പിടിച്ചു കൊണ്ടിരിക്കുകയാണ് എങ്ങനെയെന്ന് നമ്മുക്ക് നന്നായി അറിയാം ഈ കാലഘട്ടത്തിൽ നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്  ഒരു കാലാവസ്ഥ വ്യതിയാനമാണ് ആഗോളതാപനം. ഇങ്ങനെ ചൂട് കൂടുമ്പോൾ കുടുതൽ പേരും ചിന്തിക്കുന്ന ഒരു കാര്യമാണ്

"ഓ...ഈ ഭൂമിക്ക് ഒന്ന് മഴ പെയ്യിച്ചുകൂടേ ? എന്ന് " മരങ്ങൾ മുറിച്ചും മലകൾ ഇടിച്ചും നോവിക്കുന്നു.  അപ്പോൾ ചിന്തിക്കുന്നില്ല തീവ്രമായ ചൂട് മനുഷ്യനും മറ്റ് പക്ഷിമൃഗാദികൾക്കും സഹിക്കേണ്ടി വരുമെന്ന്. Low Limits to growth 1968ൽ വന്ന ഒരു പുസ്തകമാണ്. അന്ന് ഈ പുസ്തകം വ്യാപകമായിരുന്നു. അതിൽ പറഞ്ഞ പല കാര്യവും നമ്മൾ 2021 ൽ നോക്കുമ്പോൾ സംഭവിച്ചിട്ടുണ്ട് എന്ന് ഭൂശാസ്ത്രജ്ഞർ പറയുന്നുണ്ട്. വൻതോതിലുള്ള വനനശീകരണം നമ്മുടെ പരിസ്ഥിതിക്ക് ദോഷം ചെയ്യുന്നു. വനനാശം മണ്ണൊലിപ്പിനു കാരണമാകുന്നു. മണ്ണിലെ ജൈവാംശം നഷ്ടപ്പെടുത്തുന്നു. മഴയുടെ ലഭ്യത ഇല്ലാതാക്കുന്നു. അന്തരീക്ഷത്തിലെ ശീതോഷ്ണ സ്ഥിതിയെ  അത് തകർക്കുന്നു. വന്യ ജീവികളുടെ ഉന്മൂലനാശത്തിന് അത് കാരണമായ് തീരുന്നു. ഭൂമിയുടെ ഫലഭൂയിഷ്ടതയെ. തകിടം മറിക്കുന്നു.  മനുഷ്യൻ്റെ ബുദ്ധിശൂന്യമായ പ്രവർത്തനങ്ങൾ പലതും ഈ ഭൂമിയുടെയും അതിയെ ജീവജാലങ്ങളുടെയും നാശത്തിന് വഴിവയ്ക്കുന്നതായി നാം കണ്ടു കഴിഞ്ഞു. ഇങ്ങനെ ആധുനിക ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവർത്തികൾ നാം അവസാനിപ്പിച്ചേ മതിയാകു. 10 കിണറിന് തുല്യമാണ് 1 കുളം10 കുളത്തിന് തുല്യമാണ് 1 തടാകം 10 തടാകത്തിന് തുല്യമാണ് 1 പുത്രൻ 10 പുത്രന്മാർക്ക് തുല്യമാണ് 1 മരം. എല്ലാത്തിനും തുല്യമാണ് മരം.  മരത്തെ സനേഹിച്ച് ഭൂമിയെ സ്നേഹിച്ച് കഴിയുക. പുതിയ തലമുറയെങ്കിലും ഈ പ്രകൃതി സ്നേഹ പാഠങ്ങൾ പഠിച്ച് വളരട്ടെ.



പ്രയാഗ പ്രണവ് 1 ഇ





ഏഞ്ചൽ മരിയ അനീഷ് 7 സി






Medium Govt High School.



# വർണ്ണകുപ്പായം

ശിഖ രതീഷ് 9എ

വലിയ കെട്ടിടങ്ങളും ചെറിയ പെട്ടിക്കടകളും, വലിയ വീടുകളുമൊക്കെയുള്ള ഒരു നഗരം. ആ നഗരത്തിൽ പണക്കാരുമാത്രമല്ല ഉള്ളത് പാവപ്പെട്ടവരും ഉണ്ട്. ഒരു പെട്ടികടയുടെ അരികിൽ ആൽമരത്തണലിൽ പാവപ്പെട്ട ഒരു വൃദ്ധൻ. നിറം മങ്ങിയതും കീറിയതുമായ വസ്ത്രങ്ങൾ ആയിരുന്നു അയാളുടേത്. ഭിക്ഷയെടുത്താണ് അയാൾ ആഹാരം കഴിക്കുന്നത്. അവിടെനിന്നും എഴുന്നേറ്റ് വലിയ പാതയുടെ അരികിലൂടെ കാലുകളുറപ്പിച്ചു അയാൾ നടന്നു. നടക്കുന്നതിനിടയിൽ ചുറ്റുപാടും അയാൾ പരതി. പലപല വർണ്ണങ്ങളിലും തരങ്ങളിലും ഉള്ള വസ്ത്രങ്ങളായിരുന്നു ആളുകളുടേത്. തുണിക്കടകളിൽ നിറങ്ങൾ ചാലിച്ച ആരും ഇടാൻ കൊതിക്കുന്ന വസ്ത്രങ്ങൾ. ആ വൃദ്ധനും നിറങ്ങളുള്ള ഒരു നല്ല വസ്ത്രം ധരിക്കണമെന്ന് തോന്നി . എന്നാൽ തന്റെ കയ്യിൽ അതിന് ആവശ്യമുള്ള പണമില്ല. ജോലിചെയ്യാനുള്ള കരുത്തുമില്ല. പക്ഷേ വൃദ്ധന്റെ ആഗ്രഹത്തിന് വിശപ്പിനെക്കാൾ ശക്തി ഉണ്ടായിരുന്നു.

ഗ്രാമങ്ങളും നഗരങ്ങളും താണ്ടി ദിവസങ്ങൾ ആഹാരം കഴിക്കാതെ വെള്ളം മാറ്റാൻ കുടിച്ച് താൻ ആഗ്രഹിക്കുന്ന വസ്ത്രം വാങ്ങാൻ അയാൾ കഷ്ട്ടപ്പെട്ടു. വയ്യാത്ത കാലുകളുമായി അതിനുവേണ്ടി പരിശ്രമിച്ചു. ആഴ്ച്ചകൾ കടന്നുപോയി. അങ്ങനെ ആവശ്യമായ പണം കിട്ടി. ഒരു വലിയകടയിൽ വസ്ത്രങ്ങൾ മേടിക്കാൻ കയറി എന്നാൽ അയാളുടെ രൂപം കണ്ട് അവിടെനിന്നും അയാളെ പറഞ്ഞുവിട്ടു. പിന്നേ അയാൾ നിരാശയോടെ ഒരു ചെറിയകടയിൽ കയറി അയാളുടെ ഇഷ്ടത്തിനുള്ള വസ്ത്രം വാങ്ങി ധരിച്ചു. അന്നായിരുന്നു ആ വൃദ്ധന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷമുള്ള ദിവസം

അന്ന് ആ വൃദ്ധൻ സന്തോഷത്തോടെ നഗരത്തിലൂടെ നടന്നു. എന്നാൽ ഇങ്ങനെ സന്തോഷിച്ചു നടന്നാൽ താൻ പട്ടിണിയാവും. വീണ്ടും നഗരത്തിലൂടെ നടന്ന ഭിക്ഷയെടുക്കാൻ തുടങ്ങി. എന്നാൽ അയാൾക്ക് അഞ്ചു രൂപപോലും ആരും കൊടുത്തില്ല കാരണം ഇത്രയും നല്ല വസ്ത്രങ്ങളുള്ള വൃദ്ധൻ എന്തിനാണ് ഭിക്ഷ എടുക്കുന്നത് എന്നാണ് എല്ലാവരും ചിന്തിച്ചത്. തന്റെ ആഗ്രഹത്തിനുള്ള വസ്ത്രങ്ങൾ ധരിച്ചാൽ പട്ടിണിയാവും ആരും പണം തരുകയില്ല. ആഹാരം വേണമെങ്കിൽ വസ്ത്രങ്ങൾ ഉപേക്ഷിച്ചേ പറ്റൂ. ദിവസങ്ങൾ ആഹാരം കഴിക്കാതെ പണം ഉണ്ടാക്കി വസ്ത്രങ്ങൾ മേടിച്ചത് ഉപേക്ഷിക്കാൻ വൃദ്ധന് മനസ്സ് വന്നില്ല. എന്നാലും തനിക്ക് ആഹാരം കഴിക്കണമെങ്കിൽ അത് ഉപേക്ഷിച്ച് പറ്റൂ. അവസാനം ആ വസ്ത്രങ്ങൾ അഗ്നിയുടെ മടിയിലേക്ക് അയാൾ ഉപേക്ഷിച്ചു. എന്നിട്ട് ആ നഗരത്തിലൂടെ തന്റെ പാതിയായ യാത്ര തുടർന്നു. ജീവൻ നിലനിൽക്കണമെങ്കിൽ ആഹാരം കഴിക്കണം,ആഹാരത്തിന് മാത്രമുള്ള പണം ഭിക്ഷയെടുത്തു.അയാളുടെ ജീവിതം ആ നഗരത്തിൽ കഴിച്ചുകൂട്ടി.....



അൽഫോൻസാ ബിനോയ് 7
B





അന്ന ബിനോയി 5 സി

# പലവിധം



ഒരു കളികൾ
പല മണികൾ
ഒരു ജീവിതം
പല വിധത്തിൽ
ഒരു തലമുറ
ഒരു ജാതി
പല മതങ്ങൾ
ഇരുമിഴികൾ
ഒരു മനമായ്
ഒരു ഭൂമി
പല മനുഷ്യർ
എല്ലാം പലവിധത്തിൽ